## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2596** **17/06/2019-ൽ മറുപടിയ്ക്ക്**

**<u>സമൃദ്ധി പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ് :** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)** | |
| **(എ)** | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സെക്കന്ററി തലത്തിൽ പഠനം ഉപേക്ഷിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | **(എ)** | സ്കൂൾ തലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഡ്രോപ്പ് ഔട്ട് നിരക്ക് ഗവൺമെന്റ് സ്കൂളുകളിൽ 1.68%വും എയ്ഡഡിൽ 1.14%വുമായി കുറഞ്ഞിട്ടുണ്ട്. |
| **(ബി)** | പഠനം പാതിവഴിയിൽ ഉപേക്ഷിച്ച കുട്ടികളെ കണ്ടെത്തുന്നതിനും അവരുടെ തുടർപഠനത്തിനുമായി ഈ വിദ്യാഭ്യാസ വർഷത്തിന്റെ തുടക്കത്തിൽ തന്നെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോ; | **(ബി)** | പഠനം പാതിവഴിയിൽ ഉപേക്ഷിച്ച കുട്ടികളെ കണ്ടെത്തുന്നതിനും അവരുടെ തുടർപഠനത്തിനുമായി ഈ വിദ്യാഭ്യാസ വർഷത്തിന്റെ തുടക്കത്തിൽ തന്നെ വകുപ്പുതലത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• വിദൂരകോളനികളിൽ നിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്നതിന് "ഗോത്രസാരഥി പദ്ധതി".<br>• സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിന് പട്ടിക വർഗ്ഗത്തിൽ തന്നെയുള്ള ടി.ടി.സി / ബി.എഡ് / ടി.എഡ് പാസായവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന "ഗോത്രബന്ധു പദ്ധതി".<br>• പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിച്ച് പ്രാവർത്തികമാക്കുന്ന "സാമൂഹ്യ പഠനമുറി". |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നതായി ആക്ഷേപമുള്ള സാഹചര്യത്തിൽ അവർക്കായി പ്രത്യേക വിദഗ്ധ പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ച സമൃദ്ധി പദ്ധതി വിജയപ്രദമാണോയെന്ന് വ്യക്തമാക്കാമോ? | (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബി.ടെക് കോഴ്സ് പൂർത്തിയാക്കാത്തതോ പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില വിഷയങ്ങളിൽ പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളവരോ ആയ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന പ്രത്യേക കോച്ചിംഗ് നൽകി പരീക്ഷ എഴുതിക്കുന്നതിനായുള്ള സമുന്നതി പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>ഒരു വിദ്യാർത്ഥിക്ക് 50 മണിക്കൂറിൽ കുറയാത്ത ട്യൂഷൻ നൽകി പരീക്ഷയ്ക്ക് സജ്ജമാക്കുവാനാണ് പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. വകുപ്പിന് കീഴിലുള്ള മണ്ണന്തല (ബോയ്സ്), ശ്രീകാര്യം (ഗേൾസ്), പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ താമസഭക്ഷണ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ടി പദ്ധതി പ്രകാരം 3 പെൺകുട്ടികളും 7 ആൺകുട്ടികളും പരിശീലന പരിപാടിയിൽ പങ്കെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ